بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ
**08**
21-02-2014

**ജുമുഅ ഖുത്വ്ബ**
**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز
**വിവർത്തനം: ടി. അമീറുദ്ധീൻ സാജിദ് മൂവാറ്റുപുഴ**



Baitul Futuh, London

# ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് رضي الله عنه
# ഒരു മഹത്തായ പ്രവചനത്തിന്റെ പുലർച്ച

ഇന്നലെ ഫിബ്രവരി 20 ആയിരുന്നു. ജമാഅത്തിൽ ഈ ദിനം വാഗ്ദത്ത പരിഷ്കർത്താവിനെ സംബന്ധിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നു. ഇതിൽ ഹ: മസീഹ് മൗഊദ് عليه السلام തനിക്ക് ഒരു മകൻ ജനിക്കുന്നതിനെ സംബന്ധിച്ചുള്ള വാർത്ത നൽകിയിരുന്നു. അവൻ നന്മയുള്ളവനും, സ്വാലിഹും അത് പോലെ ഒട്ടനവധി ഗുണങ്ങളുടെ ഉടമസ്ഥനും ആകേണ്ടിയിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച്ചയും ഞാൻ ഹ: മസീഹ് മൗഊദ് عليه السلام ന്റെ അടയാളങ്ങളുടെ വെളിച്ചത്തിൽ ചില കാര്യങ്ങൾ പറഞ്ഞിരുന്നു. ഇന്നും ഞാൻ മനസ്സിലാക്കുന്നത് ഫിബ്രവരി 20 നോട് അടുത്ത വെള്ളിയാഴ്ച്ച ആയതിനാൽ ഈ പ്രവചനത്തെ കുറിച്ച് പറയാം എന്നാണ്. ഹ: മസീഹ് മൗഊദ് عليه السلام ഇതിനെ അതിമഹത്തരമായ അടയാളം ആയി പറഞ്ഞിരിക്കുന്നു.

ആക്ഷേപകർക്ക് മറുപടിയായി അദ്ദേഹം അരുൾ ചെയ്യുന്നു: "നിങ്ങൾ ആക്ഷേപങ്ങൾ ഉന്നയിക്കുന്നുണ്ട് എങ്കിലും ഇങ്ങനെ ഒരു പ്രവചനം ചെയ്യുകയും, കേവലം ഒരു മകൻ ജനിക്കുമെന്ന പ്രവചനമല്ല മറിച്ച്, ദീർഘായുസ്സ് പ്രാപിക്കുന്ന അദ്ദേഹത്തിന്റെ കാലഘട്ടത്ത് ജനിക്കുന്ന, വളരെയധികം ഗുണങ്ങളോട് കൂടിയ ഒരു മകനെ കുറിച്ചുള്ള പ്രവചനം ചെയ്യുക എന്നത് മാനുഷിക ശക്തികൾക്ക് അതീതമാണ്." അദ്ദേഹം അരുൾ ചെയ്യുന്നു: "ഈ പ്രവചനത്തെ ആഴത്തിലും, നീതി ബോധത്തോടും കൂടി വിശകലനം ചെയ്യുകയാണെങ്കിൽ ഇത് ദൈവിക അടയാളമാണ് എന്നതിൽ യാതൊരു സംശയവും ഉദിക്കുകയില്ല. അദ്ദേഹം ആക്ഷേപകരോട് പറയുന്നു, അഥവാ സംശയമുണ്ടെങ്കിൽ, ഇതേ രീതിയിലുള്ള അടയാളങ്ങളോട് കൂടിയ പ്രവചനം നിങ്ങളും സമർപ്പിക്കുക."

പറയുന്നു: "ഇവിടെ കണ്ണ് തുറന്ന് നിരീക്ഷിക്കേണ്ടതാണ് ഇത് കേവലം ഒരു പ്രവചനം മാത്രമല്ല, മറിച്ച് അതിമഹത്തായ ഒരു ആകാശീയ അടയാളമാണ്." അദ്ദേഹത്തിന്റെ നിയോഗ ഉദ്ദേശ്യം ഇസ്‌ലാമിന്റെ സത്യസന്ധതയേയും റസൂൽ صلى الله عليه وسلم യുടെ ശ്രേഷ്ഠതയേയും എല്ലാവരിലും വെളിപ്പെടുത്തുക എന്നതായിരുന്നു. എന്നതുപോലെ തന്നെ ഇവിടെയും അദ്ദേഹം ഈ പ്രവചനത്തേയും അടയാളത്തേയും വെളിപ്പെടുത്തിക്കൊണ്ട്, തന്റെ മഹത്വത്തേയല്ല കാണിക്കുന്നത്. മറിച്ച് പറയുന്നു: "ഈ ആകാശീയ അടയാളം, കാരുണ്യവാനായ അല്ലാഹു, നമ്മുടെ റഊഫും റഹീമും, പരിശുദ്ധീകരിക്കപ്പെട്ടവനുമായ പ്രവാചകൻ صلى الله عليه وسلم യുടെ സത്യസന്ധത വെളിപ്പെടുത്തുന്നതിനായിക്കൊണ്ടാണ് പ്രകടിപ്പിച്ചിരിക്കുന്നത്.

പറയുന്നു: "യഥാർഥത്തിൽ ഈ അടയാളം മൃതിയടഞ്ഞ വ്യക്തിയെ ജീവിപ്പിക്കുന്നതിനേക്കാൾ നൂറ് മടങ്ങ് ഉന്നതവും, പരിപൂർണ്ണവും, ശ്രേഷ്ഠവും, സ്ഥൈര്യവും ഉള്ളതാകുന്നു." അദ്ദേഹം വിശദീകരിക്കുന്നു. "മൃതിയടഞ്ഞവനെ ജീവിപ്പിക്കുന്നത്, സ്വല്പ നേരത്തേക്ക് ആത്മാവിനെ മടക്കി വിളിക്കുന്നത് മാത്രമാണ്. ഏതു പോലെയെന്നാൽ ബൈബിളിൽ ഹ: ഈസാ عليه السلام, അത് പോലെ മറ്റ് ചില പ്രവാചകന്മാരെകുറിച്ചും അങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. എങ്കിൽ തന്നെയും ആക്ഷേപകർ ഇതിനേയും ആക്ഷേപ വിധേയമാകുന്നു. ഇനി ഒരു മൃതിയടഞ്ഞ ആൾ പുനർജീവിച്ചു എന്ന് അംഗീകരിച്ചാൽ തന്നെയും അത് കൊണ്ട് ലോകർക്ക് യാതൊരു പ്രയോജനവും ഇല്ല. എന്നാൽ ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ ഔദാര്യത്താലും, ഹ: ഖാത്തമുൽ അമ്പിയായുടെ ബർക്കത്തിനാലും, കാരുണ്യവാരിദിയായ ദൈവം ഈ വിനീതന്റെ ദുഃആ സ്വീകരിച്ച്കൊണ്ട് തന്റെ ആന്തരികവും ബാഹ്യവുമായ അനുഗ്രഹങ്ങൾ മുഴുവൻ ലോകത്തും വ്യാപിപ്പിക്കുന്ന ഒരു അനുഗ്രഹീത ആത്മാവിനെ നിയോഗിക്കുന്നതിനെ കുറിച്ചുള്ള സുവാർത്ത നൽകിയിരിക്കുന്നു."

അദ്ദേഹം അരുൾ ചെയ്യുന്നു: "അല്ലയോ ജനങ്ങളേ ഞാൻ എന്താണ്? എന്താണ് എന്റെ യാഥാർഥ്യം? ആരാണോ എന്നെ ആക്രമിക്കുന്നത് അവൻ യഥാർഥത്തിൽ എന്റെ പരിശുദ്ധനായ, ഞാൻ പിൻപറ്റുന്ന നബി കരീം صلى الله عليه وسلم ക്ക് മേൽ അക്രമണം നടത്താൻ ഉദ്ദേശിക്കുകയാണ് ചെയ്യുന്നത്. അവർ ഓർത്തിരിക്കേണ്ട കാര്യം; അവർ അതിന് തുനിഞ്ഞാൽ ആ മണ്ണ് അവരുടെ തന്നെ തലയിലും, കണ്ണുകളിലും മുഖത്തും വീണ് കൊണ്ട് അവരെ നാണം കെട്ടവരും അപമാനിതരും ആക്കുന്നതാണ്. നമ്മുടെ പ്രവാചകൻ صلى الله عليه وسلم യുടെ അന്തസ്സും ആഭിജാത്യവും, അവരുടെ ശത്രുതയും അസൂയയും കാരണത്താൽ കോട്ടം തട്ടുന്നതല്ല. മറിച്ച് അധികമധികമായിക്കൊണ്ട് അല്ലാഹു തആല അത് പ്രകടമാക്കുന്നതാണ്. നിങ്ങൾക്ക് പ്രഭാത സമയത്ത് സൂര്യൻ ഉദിക്കുന്നതിനെ തടയാൻ സാധിക്കുമോ? അത്പോലെ തന്നെ നിങ്ങൾക്ക് റസൂൽ صلى الله عليه وسلم യുടെ സത്യസന്ധതയാകുന്ന സൂര്യന് ഒരു നഷ്ടവും വരുത്താൻ സാധിക്കില്ല. *അല്ലാഹു നിങ്ങളുടെ വൈരാഗ്യവും ലുബ്ധും അകറ്റുമാറാകട്ടെ.*

ആക്ഷേപക വൃത്തത്തിൽ അമുസ്‌ലിംകളോടൊപ്പം ചില മുസ്‌ലിംകളും ഉണ്ട്. അവരെ അദ്ദേഹം വെല്ലുവിളിക്കുകയും താക്കീത് നൽകുകയും ചെയ്തു. എന്തായാലും ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ, നമുക്ക് അറിയാവുന്നത് പോലെ 1889 മാർച്ചിൽ ആ വാഗ്ദത്ത പുത്രൻ ജനിച്ചു. അദ്ദേഹം ഇസ്‌ലാമിന്റെ ശ്രേഷ്ഠതയും റസൂൽ ﷺ യുടെ അന്തസ്സും ആഭിജാത്യവും നിലനിർത്തുന്നതിനായി, ലോകം നിലനിൽക്കുന്ന കാലത്തോളം ഓർമ്മിക്കപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നിറവേറ്റി. ഇതിനെ അന്യരും അംഗീകരിച്ചു.''

ഹദ്റത് മുസ്‌ലിഹ് മൗഊദിന്റെ ചില സവിശേഷ പ്രവർത്തനങ്ങളെ കുറിച്ച് പറയുന്നതിന് മുമ്പ് ഈ പ്രവചനത്തിന്റെ യഥാർഥ രൂപം നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നത് അത്യാവശ്യമാണെന്ന് കരുതുന്നു. അങ്ങനെ വീണ്ടും വീണ്ടും നമ്മുടെ മുന്നിൽ വന്ന്കൊണ്ട് ഇതിന്റെ ശ്രേഷ്ഠതയും ഔന്നത്യവും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അങ്ങനെ അതിന്റെ യാഥാർഥ്യം മനസ്സിലാകുന്നതാണ്. മസീഹ് മൗഊദ് عليه السلام തന്റെ തൂലിക കൊണ്ട് 20 ഫിബ്രവരി 1886 ൽ ഒരു വിളംബരം സിറാജെ മുനീർ രിസാലയിൽ, സർവ്വശക്തനും പരിപാലകനുമായ ദൈവത്തിന്റെ അടയാളങ്ങൾ എന്ന തലക്കെട്ടിൽ എഴുതി. ഇത് റിയാസെ ഹിന്ദ്, അമൃത്സർ പത്രത്തിൽ മാർച്ച് 1886 ന് സപ്ലിമെന്റായിക്കൊണ്ട് പ്രസിദ്ധീകരിച്ചു. അതിൽ അദ്ദേഹം എഴുതുന്നു. ഈ രിസാലയിൽ പ്രവചനങ്ങൾ വിശദീകരണങ്ങളോടു കൂടി രേഖപ്പെടുത്തുന്നതാണ്. പ്രവചനങ്ങളിൽ ഒന്നാമത്തേത് ഈ എളിയവനെ സംബന്ധിച്ചുള്ളതാണ്. ഇന്ന് ഫിബ്രവരി 20 1886 അതായത് ജമാദിയ്യുൽ അവ്വൽ 15 ന്, ചുരുങ്ങിയ രീതിയിൽ ദൈവിക വചനങ്ങൾ ഉദാഹരണമായി എഴുതുന്നു. ഇതിന്റെ വിശദീകരണം രിസാലയിൽ രേഖപ്പെടുത്തുന്നതാണ്. ഇൻശാ അല്ലാഹ്.

ആദ്യത്തെ വചനം ആദിയും അന്തിയുമായ ദൈവം അവൻ കരുണാമയനും, സർവശക്തനും, മഹത്വമുടയവനും, പരിശുദ്ധനും ആകുന്നു. അവൻ തന്റെ ഇൽഹാമിലൂടെ എന്നെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: ''ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നൊട് ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാര്യത നൽകുകയും നിന്റെ യാത്ര (ലുധിയാനയിൽ നിന്ന് ഹോശിയാർപൂരിലേക്ക്) നിനക്ക് അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുത ശക്തിയുടെയും ഔദാര്യത്തിന്റെയും സായൂജ്യത്തിന്റെയും അടയാളം നിനക്ക് നൽകുന്നു. വരപ്രസാദത്തിന്റെയും അനുഗ്രഹവായ്പിന്റെയും അടയാളം നിനക്ക് ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്ക് കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ നിനക്ക് സമാധാനം! ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽ നിന്ന് രക്ഷ ലഭിക്കാനും കബറുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്ത് വരുമാറാകാനും ഇസ്‌ലാം മത്തത്തിന്റെ മേന്മയും ദൈവ വചനത്തിന്റെ പെരിമയും ജനങ്ങൾക്കു വെളിപ്പെടുന്നതിനും ഞാൻ സർവ്വ ശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണ്. ലോകത്തിന് മനസ്സിലാക്കുന്നതിനും, ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്ക് ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ ﷺ യെയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. ആകയാൽ നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്ക് നൽകപ്പെടും. ഒരു പാവന പുത്രൻ നിനക്ക് ലഭിക്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽ നിന്നും നിന്റെ സന്തതിയിൽ നിന്നുമുള്ളവൻ തന്നെയായിരിക്കും. (അല്ലാഹു ഇവിടെ എല്ലാ സംശയങ്ങളേയും ദുരീകരിച്ചിരിക്കുന്നു. വാഗ്ദത്ത പുത്രൻ പിന്നീടുണ്ടാകുന്ന പരമ്പരയിൽ നിന്നല്ല മറിച്ച് അത് മസീഹ് മൗഊദ് عليه السلام ന്റെ സ്വന്തം പുത്രൻ തന്നെ ആയിരിക്കും.)

സുന്ദരനായ പരിശുദ്ധസുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവൽ എന്നും ബശീർ എന്നും ആണ്. അവന് പാവനമായ ആത്മാവ് നൽകപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽ നിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ (നൂറുല്ലാഹ്) ആയിരിക്കും. ആകാശത്തിൽ നിന്ന് വരുന്നവൻ അനുഗ്രഹീതൻ. അവന്റെ വരവോടു കൂടി, വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും ഐശ്വര്യവും ഉള്ളവനായിരിക്കും. അവൻ ലോകത്തുവന്ന് തന്റെ മസീഹീ ഗുണവും റൂഹുൽ ഹക്ക് (സത്യത്തിന്റെ ആത്മാവി)ന്റെ അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനം) ആകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനും ആയിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും. (ഇതിന്റെ അർഥം മനസ്സിലായിട്ടില്ല.) തിങ്കളാഴ്ച്ച; അനുഗ്രഹപൂർണ്ണമായ തിങ്കളാഴ്ച്ച; വാത്സല്യ പുത്രൻ, മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റെയും ഔന്നിത്യത്തിന്റേയും നിലയവും ആയിട്ടുള്ളവൻ. അല്ലാഹു ആകാശത്തിൽ നിന്നും ഇറങ്ങിയ പോലെ. അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവും ആയിരിക്കും. ഏതൊരുവനെ ദൈവം അഭീഷ്ടമാകുന്ന പരിമളം കൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലക്കുമീതെ ദൈവത്തിന്റെ നിഴൽ ഉണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നു വരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാവുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽ നിന്നും അനുഗ്രഹം കൈകൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്ക് കരകേറ്റപ്പെടും. ഇത് വിധിച്ചു പോയ കാര്യമാകുന്നു.

ഞാൻ പറഞ്ഞതു പോലെ ഈ സവിശേഷതകളോട് കൂടിയ ഒരു മകനായിരുന്നു ജനിക്കേണ്ടിയിരുന്നത്. അങ്ങനെ ഒരു മകൻ ജനിച്ചത് ഈ ലോകം കാണുകയും ചെയ്തു. 52 വർഷം വരെ ഖിലാഫത്ത് പദവിയിൽ ഉപവിഷ്ഠനായി ഇരുന്നതിന് ശേഷം, തന്റെ സവിശേഷ ഗുണങ്ങളുടെ മാഹാത്മ്യം ജനങ്ങളെ അംഗീകരിപ്പിച്ചതിന് ശേഷം അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

അഥാവാ ഈ സവിശേഷ ഗുണങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിച്ചെന്ന് നോക്കുകയും ഹ: ഖലീഫത്തുൽ മസീഹ് സാനി ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് അൽ മുസ്‌ലിഹുൽ മൗഊദ് ﷺ ന്റെ ജീവിതത്തെ അവലോകനം ചെയ്യുകയും ചെയ്താൽ അതിനായി പല ഗ്രന്ഥവും രചിക്കേണ്ടതായി വരും ഏതെങ്കിലും ഒരു ഖുത്ബയിലോ പ്രഭാഷണത്തിലോ ഹ: മുസ്‌ലിഹ് മൗഊദ് ﷺ ന്റെ ജീവിതത്തേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളേയും ഉൾക്കൊള്ളിക്കുവാൻ സാധ്യമല്ല. ജമാഅത്തിൽ ഈ അടിസ്ഥാനത്തിൽ എല്ലാ വർഷവും ഫിബ്രവരി 20 ന് ജൽസാ മുസ്‌ലിഹ് മൗഊദ് നടത്തി വരുന്നു. പ്രഭാഷകന്മാരും പണ്ഡിതന്മാരും തങ്ങളുടെ അറിവും, വൈഭവവും അനുസരിച്ച് ഈ വിഷയത്തെ കുറിച്ച് പ്രതിപാദിക്കുന്നു. ഞാനും പല പ്രാവശ്യം ഈ വിഷയം ആവർത്തിച്ചിട്ടുള്ള താണ്. ഖലീഫത്തുൽ മസീഹ് സാലിസും, റാബിഉം ഇതിനെ കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മുസ്‌ലിഹ് മൗഊദ് ﷺ ന്റെ ജീവിത ചരിത്രവും ഈ പ്രവചനവും മുഴുവനായും വിശദീകരിക്കപ്പെട്ടു കഴിഞ്ഞുവെന്നും അത് എല്ലാവർക്കും മനസ്സിലായിയെന്നും നമുക്ക് പറയാൻ സാധ്യമല്ല.

എന്തായാലും ഞാനിന്നും മുസ്‌ലിഹ് മൗഊദ് ﷺ ന്റെ ജീവിതത്തിലെ ഒന്ന് രണ്ട് കാര്യങ്ങൾ ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ സമർപ്പിക്കുന്നതാണ്. നമ്മളേയും അന്യരേയും അദ്ദേഹത്തിന്റെ അറിവും, ദൈവജ്ഞാനവും ഏത് രീതിയിൽ സ്വാധീനിച്ചു എന്ന പ്രവചനത്തിന്റെ ഒന്ന് രണ്ട് ഭാഗങ്ങളെ കുറിച്ച് പറയുന്നതാണ്.

ആദ്യമായി ഹ: മുസ്‌ലിഹ് മൗഊദ് ﷺ ന്റെ ഗ്രന്ഥങ്ങളു ടേയും പ്രഭാഷണങ്ങളുടേയും ലക്ചറുകളുടേയും ഒരു അവലോകനമാണ് ഞാൻ മുമ്പിൽ വയ്ക്കുന്നത്. ആ കാലഘട്ടത്ത് റിക്കോർഡിംഗിന്റെ വ്യവസ്ഥാപിതമായ സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ചില പ്രഭാഷണങ്ങളും ലക്ചറുകളും പൂർണ്ണമായിട്ടും ലഭ്യമാണ്. എങ്കിലും ചിലത് ലഭ്യമല്ല. പകർപ്പെഴുത്തുകാർ അദ്ദേഹത്തി നൊപ്പം എഴുതുമായിരുന്നു. ചിലപ്പോൾ പൂർണമായിട്ടും എഴുതാൻ സാധിക്കില്ലായിരുന്നു. എന്തായാലും ഹദ്റത് മുസ്‌ലിഹ് മൗഊദ് ﷺ ന്റെ ഗ്രന്ഥങ്ങളുടെയും, പ്രഭാഷണ ങ്ങളുടെയും, ലക്ചറുകളുടേയും സമാഹാരം അൻവാറുൽ ഉലൂം എന്ന പേരിൽ, ഫസ്‌ലെ ഒമർ ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇപ്പോൾ അൻവാറുൽ ഉലൂമിന്റെ 24 വാള്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ വാള്യങ്ങളിൽ മൊത്തം അദ്ദേഹത്തിന്റെ 633 ലക്ചറുകളും, പ്രഭാഷണ ങ്ങളും ഗ്രന്ഥങ്ങളും ഉൾപ്പെടുത്തിക്കഴിഞ്ഞു ഇതിന്റെ 32 വാള്യങ്ങൾ പ്രസിദ്ധീകരിക്കപ്പെടുമെന്നാണ് ഫസ്‌ലെ ഒമർ ഫൗണ്ടേഷന്റെ ഏകദേശം അനുമാനം. അങ്ങനെ മൊത്തം 850 ത്തോളം ലക്ചറുകളും ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും ഉണ്ടായിരിക്കുന്നതാണ്. 25 മുതൽ 29 വാള്യങ്ങൾ വരെ ഇനി വരാനുണ്ട്. 24 എണ്ണം വന്ന് കഴിഞ്ഞു. എന്ന് ഞാൻ പറഞ്ഞു, ഇത് പൂർത്തിയായിട്ടുണ്ട്. പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിൽ 163 പ്രഭാഷണങ്ങളും ലക്ചറുകളും ഗ്രന്ഥങ്ങളും ഉൾപ്പെടുന്നു. അതിന് ശേഷം മൂന്ന് വാള്യങ്ങൾ കൂടി ബാക്കിയുണ്ടാ കുന്നതാണ്. എന്തായാലും മൊത്തം 800 ന് മുകളിൽ പോകുന്നതാണ്. അത് പോലെ ജുമുഅ ഖുത്ബകളും, ഈദ് ഖുത്ബകളും

നിക്കാഹ് ഖുത്ബകളുടെയും കണക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന ലിസ്റ്റ് അനുസരിച്ച് 2073 എണ്ണം ഉണ്ടാകും ഖുത്ബാത്തെ മഹ്മൂദിന്റെ മൊത്തം 28 വാള്യങ്ങൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അതിൽ 1602 ഖുത്ബകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 1948 മുതൽ 1959 വരെയുള്ള ഖുത്ബകൾ 29 മുതൽ 39 വരെയുള്ള വാള്യങ്ങളിൽ ഉൾപ്പെടുന്നതാണ്. ഇതും മൊത്തം 500 നടുത്ത് ഖുത്ബകൾ വരുന്നതാണ്. ഇത് അദ്ദേഹത്തിന്റെ വൈജ്ഞാനിക പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള ഒരു ഏകദേശ കണക്കാണ്. ഓരോ ഖുത്ബകളും, പ്രഭാഷണങ്ങളും, ഗ്രന്ഥങ്ങളും നോക്കുകയാണെങ്കിൽ അത് അറിവിന്റേയും ജ്ഞാനത്തിന്റേയും മുത്തുകൾ കോർത്ത് എടുത്തതാണ്. അറിവിന്റെ നദിയുടെ പ്രവാഹം കണ്ട് മനുഷ്യൻ ആശ്ചര്യമടഞ്ഞ് പോകുന്നതാണ്.

ഒരിക്കൽ ഖലീഫത്തുൽ മസീഹ് സാലിസും ഒരു അവലോകനം സമർപ്പിച്ചിരുന്നു. അതായത് പ്രവചന ത്തിന്റെ ഏതെങ്കിലും ഒരു വശത്തെ മുൻ നിർത്തിക്കൊണ്ട് അതായത് അവൻ ആന്തരികവും ബാഹ്യവുമായ ജ്ഞാനങ്ങൾക്കൊണ്ട് നിറക്കപ്പെടുന്നതാണ്. എന്നതിനെ കുറിച്ച് മാത്രം സംസാരിക്കുകയാണെങ്കിൽ പോലും അത് അനന്തമായി കാണപ്പെടുന്നതാണ്. എന്തായാലും ഖലീഫത്തുൽ മസീഹ് സാലിസ് അരുൾ ചെയ്തത്. ഈ അവലോകത്തിൽ വരുന്ന ഹുസൂറിന്റെ ഒരു ഗ്രന്ഥമായ തഫ്സീറെ കബീർ എത്രത്തോളം ആശ്ചര്യജനകമായ തഫ്സീറാണെന്നാൽ അതിന്റെ ഏതെങ്കിലും ഒരു ഭാഗത്തേകുറിച്ച് ശ്രദ്ധിച്ചു പഠിക്കുന്ന ഏതൊരു വ്യക്തിയും, ലോകത്ത് ഒരു വരിഷ്ഠ ദാസൻ ജനിക്കുകയും പിന്നീട് വിശുദ്ധ ഖുർആന്റെ ഈ ഭാഗത്തിന്റെ വിശദീകരണമായി ക്കൊണ്ട് ഇതേ കാര്യങ്ങൾ പറയുകയും ചെയ്താൽ, ലോക ത്തിന്റെ കണ്ണിൽ അദ്ദേഹം ഒരു ദൈവദാസനാണ് എന്ന് അംഗീകരിക്കുന്നതിന് അത് തന്നെ മതിയാകുന്നതാണ്.

എന്നാൽ അതിൽ മാത്രം ഒതുങ്ങുന്നില്ല. വിശുദ്ധ ഖുർആനെ കുറിച്ച് വേറെയും പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഖലീഫത്തുൽ മസീഹ് സാലിസ് പറയുന്നു: "എനിക്ക് തോന്നുന്നത് വിശുദ്ധ ഖുർആന്റെ തഫ്സീറായിക്കൊണ്ട് തന്നെ ഹുസൂർ പതിനായിരത്തോളം പേജുകൾ രചിച്ചിട്ടുണ്ട് എന്നാണ്. ഇപ്പോൾ തഫ്സീർ കബീർ പ്രസിദ്ധീകരിച്ചിട്ടു ള്ളത് 10 വാള്യങ്ങളാണ്. അത് തന്നെ ഏകദേശം 6000 പേജുകൾ വരുന്നതാണ്. അത് കൂടാതെ സൂറത്തുകളുടെ കുറിപ്പുകളും, പല പ്രഭാഷണങ്ങളിലും വിശുദ്ധ ഖുർആന്റെ വ്യാഖ്യാനങ്ങളായി പറഞ്ഞിക്കുന്ന വിഷയങ്ങൾ ഉൾപ്പെടു ത്തിയിട്ടില്ല. അത്പോലെ പദ്യ രൂപത്തിൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി 10 ഗ്രന്ഥങ്ങൾ രചിട്ടുണ്ട്." ഇത് ഖലീഫത്തുൽ മസീഹ് സാലിസിന്റെ ആ സമയത്തെ അവലോകനത്തിന്റെ അടിസ്ഥാനത്തിലാണ്.

തഫ്സീറെ കബീറിന്റെ 10 വാള്യങ്ങളിൽ സൂറാ ഫാത്തിഹ സൂറാ ബഖ്റ എന്നീ രണ്ട് സൂറത്തുകൾ, പിന്നീട് സൂറത്ത് യൂനുസ് മുതൽ സൂറ അൽ കബൂത്ത് വരെ, അതായത് പത്താമത്തെ സൂറത്ത് മുതൽ 29 ാമത്തെ സൂറത്ത് വരെ പിന്നീട് ഇടയിലുള്ള ചില അധ്യായങ്ങൾ എഴുതിയിട്ടില്ല. ചിലത് പ്രസിദ്ധീകരിച്ചിട്ടില്ല. അതിന് ശേഷം സൂറത്ത് നബഅ് മുതൽ അന്നാസ് വരെയാണ് ചുരുക്കത്തിൽ 59 സൂറത്തുകളുടെ തഫ്സീറുകളാണ് എഴുതപ്പെട്ടിട്ടുള്ളത്.

ഈ തഫ്സീറുകൾ ഏകദേശം 6000 പേജുകൾ വരുന്നു. വളരെ ചെറിയ എഴുത്തുകളാണ് ഇതിലുള്ളത്. ഇന്നത്തെ രീതിയിൽ എഴുതുകയാണെങ്കിൽ പത്ത് പന്ത്രണ്ടായിരം പേജുകളിൽ കുറയാതെ വരുന്നതാണ്. എന്തായാലും ഇത് റീ പ്രിന്റ് ചെയ്യുന്നുണ്ട്. ഉടൻ തന്നെ അത് എല്ലാവർക്കും മുന്നിൽ വരുന്നതാണ്. اِنْ شَآءَ اللّٰهُ. വിശുദ്ധ ഖുർആനിൽ മൊത്തം 114 അധ്യായങ്ങളിൽ 55 അധ്യായങ്ങളുടെ തഫ്സീർ ഇതിൽ ഉൾപ്പെട്ടിട്ടില്ല. അത്പോലെ പദ്യത്തിൽ 10 ഗ്രന്ഥങ്ങളും രിസാലകളുമുണ്ട്. ആത്മീയതയിലും, ഇസ്ലാമിക സ്വഭാവ ഗുണങ്ങളിലും, ഇസ്ലാമിക വിശ്വാസ സംഹിതകളിലും 31 ഗ്രന്ഥങ്ങളും രിസാലകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ജീവചരിത്രത്തിൽ 13 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചിട്ടുണ്ട്. ചരിത്രത്തിൽ 4 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചു. കർമ്മ ശാസ്ത്രത്തിൽ 3 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചു. ഇന്ത്യാ വിഭജനത്തിന് മുമ്പുള്ള രാഷ്ട്രീയത്തെ സംബന്ധിച്ച് 25 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചിട്ടുണ്ട്. ഇന്ത്യാ വിഭജനത്തിനവും, പാക് രൂപീകരണത്തിന് ശേഷമുള്ള രാഷ്ട്രീയത്തെ സംബന്ധിച്ച് 9 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചിട്ടുണ്ട്. കശ്മീർ രാഷ്ട്രീയത്തെ സംബന്ധിച്ച് 15 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചിട്ടുണ്ട്. പിന്നീട് അഹ്മദിയ്യാ ജമാഅത്തിന്റെ സവിശേഷമായ പദ്ധതികളെ സംബന്ധിച്ച് ഏകദേശം 100 ഗ്രന്ഥങ്ങളും രിസാലകളും രചിച്ചിട്ടുണ്ട്. അത് കൂടാതെ ഒട്ടനവധി വിഷയങ്ങളുണ്ട്. ഞാൻ പറഞ്ഞത്പോലെ തഫ്സീറുകൾ തന്നെ നൂറുക്കണക്കിനുണ്ട്. ഏകദേശം എണ്ണൂറിന് മുകളിലുണ്ട്. ഖലീഫ സാലിസ് പറയുന്നു: "അവൻ ആന്തരികവും ബാഹ്യവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും എന്ന് പറഞ്ഞിരിക്കുന്നു. ഇതിലേക്ക് നോക്കുകയാണെങ്കിൽ ഇതിൽ ആന്തരികമായ ജ്ഞാനങ്ങളും കാണപ്പെടുന്നു. ബാഹ്യമായ ജ്ഞാനങ്ങളും കാണപ്പെടുന്നു. രസകരമായത് എന്തെന്നാൽ അദ്ദേഹം ഒരു ഗ്രന്ഥമോ രിസാലയോ എഴുതുമ്പോഴെല്ലാം എല്ലാവരും തന്നെ പറയുന്നത് ഇതിനേക്കാൾ ഉത്തമമായത് എഴുതാൻ സാധിക്കില്ല എന്നാണ്. രാഷ്ട്രീയത്തിൽ അദ്ദേഹം നേതൃത്വം ഏറ്റെടുത്തപ്പോഴും അദ്ദേഹം രാഷ്ട്രീയമായ അഭിപ്രായ നിർദ്ദേശങ്ങൾ നൽകിയപ്പോഴും വലിയ വലിയ ശത്രുക്കൾ വരെ അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത കഴിവുകളെ അംഗീകരികുന്നതിൽ നിർബന്ധിതരായിട്ടുണ്ട്. എന്തായാലും ഹുസൂറിന്റെ ആന്തരികവും ബാഹ്യവുമായ ജ്ഞാനങ്ങൾ നിറക്കപ്പെടും എന്നതിന് വളരെ ഗഹനമായ വിശദീകരണമാണ് ഉള്ളത്. അതിൽ ആയിരത്തിൽ ഒരു പങ്ക് പോലും നമുക്ക് എത്തിപ്പെടാൻ സാധിക്കുകയില്ല.

ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് رحمه الله പറഞ്ഞതു പോലെ തഫ്സീറുകൾ തന്നെ ഹ: മുസ്ലിഹ് മൗഊദ് رضي الله عنه ന്റെ ഉന്നതമായ സ്ഥാനത്തെ അംഗീകരിപ്പികുന്നതിന് മതിയായതാണ്. തീർച്ചയായും ഈ തഫ്സീറുകളിൽ വിശുദ്ധ ഖുർആനെ മനസ്സിലാക്കുവാനുള്ള നവീനമായ രീതിയും, അറിവിന്റേയും ജ്ഞാനത്തിന്റേയും ഗഹനമായ രഹസ്യങ്ങളും തുറന്നിട്ടുണ്ട്. അത് എന്നെന്നേക്കും ഹദ്റത് മുസ്ലിഹ് മൗഊദിന്റെ പങ്കായി നിലകൊള്ളുന്നതാണ് ഞാനിപ്പോൾ അദ്ദേഹത്തിന്റെ തഫ്സീറുകളെ സംബന്ധിച്ച് അന്യരുടെ അഭിപ്രായങ്ങൾ സമർപ്പിക്കുന്നതാണ്.

അല്ലാമാ നിയാസ് ഫതഹ് പൂരി സാഹിബ് ഹ: മുസ്ലിഹ് മൗഊദിന് ഒരു കത്തിൽ എഴുതുന്നു. തഫ്സീറെ കബീറിന്റെ മൂന്നാം വാള്യമാണ് ഇപ്പോൾ ഞാൻ വായിച്ചു കൊണ്ടിരിക്കുന്നത്. വളരെ ഗഹനമായാണ് ഞാനിത് വായിക്കുന്നത്. വിശുദ്ധ ഖുർആൻ പഠനത്തിന് പുതിയ ഒരു ചിന്താസരണി താങ്കൾ വെട്ടിത്തുറന്നിട്ടുണ്ട് എന്നതിന് സംശയമില്ല. ഈ രീതിയിലുള്ള ആദ്യത്തെ തഫ്സീറാണിത്. യുക്തിയേയും പ്രമാണത്തേയും വളരെ സുന്ദരമായ രീതിയിൽ ഇതിൽ സമർപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ വൈജ്ഞാനികമായ കഴിവും ഉൾകാഴ്ചയും അസാധാരണമായ ദീർഘദൃഷ്ടിയും ഒരോ കാര്യങ്ങളും ഭംഗിയായി തെളിയിക്കാനുള്ള കഴിവും ഇതിലെ ഓരോ വാക്കിൽ നിന്നും പ്രകടമാണ്. ഈ ഗ്രന്ഥത്തെ കുറിച്ച് ഇതുവരെ ഞാൻ അറിയാതെ പോയത് എന്തുകൊണ്ടെന്നതിൽ ഞാൻ ദുഃഖിക്കുന്നു. എനിക്ക് എല്ലാ വാള്യങ്ങളും കിട്ടിയിരുന്നെങ്കിൽ! ഇന്നലെ ഞാൻ സൂറഃ ഹൂദിന്റെ വ്യാഖ്യാനമാണ് വായിച്ചിരുന്നത്. അതിൽ ഹദ്റത് ഹൂദ് عليه السلام നെ കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാട് വായിച്ചപ്പോൾ ഹൃദയം സന്തോഷം കൊണ്ട് നിറയുകയുണ്ടായി. അതുകൊണ്ടാണ് ഈ കത്തെഴുതാൻ ഞാൻ നിർബന്ധിതനായത്. (**ഹാഉലാഇ ബനാത്തീ**) എന്നതിന്റെ വ്യാഖ്യാനം എഴുതിക്കൊണ്ട് മറ്റു വ്യാഖ്യാതാക്കളിൽ നിന്നും വ്യത്യസ്ഥമായ ഒരു കാഴ്ച്ചപ്പാട് താങ്കൾ സമർപ്പിക്കുകയുണ്ടായി. ഇതിനെ എത്രമാത്രം പ്രശംസിച്ചാലും മതിയാവില്ല. *അല്ലാഹു താങ്കൾക്ക് ദീർഘായുസ്സ് നൽകുമാറാകട്ടെ* എന്ന് അദ്ദേഹം ദുഃആ ചെയ്തു.

അല്ലാമ നിയാസ് ഫതഹ് പൂരി സാഹിബ് തന്നെ വീണ്ടും മറ്റൊരു കത്തിൽ എഴുതുന്നു. തഫ്സീറെ കബീർ തുടർചയായി വായിച്ചുകൊണ്ടിരുന്നു. രാത്രി നിർബന്ധമായും ഞാൻ അത് നോക്കാറുണ്ട്, ഞാൻ അതിനെകുറിച്ച് എങ്ങനെയാണ് മനസ്സിലാക്കിയത് എന്നത് വളരെ വിശദീകരണാർഹമായ കാര്യമാണ്. എന്നാൽ ചുരുക്കത്തിൽ ഇത്രയും മനസ്സിലാക്കുക. ഞാൻ മനസ്സിലാക്കുന്നത് മനുഷ്യ മനസ്സിനെ വലിയൊരളവ് വരെ തൃപ്തിപ്പെടുത്താൻ പര്യാപ്തമായ ആദ്യത്തെ ഉർദു തഫ്സീറാണ് ഇത്. താങ്കളുടെ ജമാഅത്ത് ഈ തഫ്സീർ മുഖേന ചെയ്ത് വരുന്ന ഇസ്ലാമിക സേവനങ്ങൾ താങ്കളുടെ ശത്രുക്കൾക്ക് പോലും നിരാകരിക്കാൻ കഴിയാത്ത വിധം മഹത്തരമായതാണ് എന്നതിൽ യാതൊരു സംശയവുമില്ല.

ജനാബ് അക്തർ സാഹിബ് എം.സ്. പ്രസിഡന്റ് ഉർദു ഡിപാർട്ട്മെന്റ് പാട്ന യൂണിവേഴ്സിറ്റി, പ്രൊഫസർ അബ്ദുൽ മന്നാൻ ബേദിൽ സാഹിബ് മുൻ പ്രസിഡന്റ് പാർസി ഡിപാർട്ട്മെന്റ് പാട്ന യൂണിവേഴ്സിറ്റി, ഈ തഫ്സീറിനെ കുറിച്ച് താൻ ദൃക്സാഷിയായ ഒരു സംഭവം പറയുന്നു.

ഞാൻ ഒന്നിന് ശേഷം ഒന്നായിക്കൊണ്ട് ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി ﷺ യുടെ തഫ്സീറിന്റെ ചില വാള്യങ്ങൾ പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബ് ബേദിൽ പ്രസിഡന്റ് പാർസി ഡിപാർട്ട്മെന്റ് പാട്ന കോളേജിന്, (അദ്ദേഹം ഇപ്പോൾ ഷക്കീറ കോളേജ് പാട്നയിലെ പ്രിൻസിപ്പാൾ ആണ്.) സമർപ്പിച്ചു. അദ്ദേഹം ഈ തഫ്സീറുകൾ വായിച്ച് എത്രത്തോളം സ്വാധീനിക്കപ്പെട്ടെന്നാൽ അദ്ദേഹം മദ്രസാ അറബിയാ ശംസുൽ ഹുദാ പാട്നയിലെ ശേഖുകൾക്കും തഫ്സീറിന്റെ ചില വാള്യങ്ങൾ വായിക്കാനായി നൽകി.

ഒരിക്കൽ അദ്ദേഹം ഈ ശേഖുകളെ വിളിച്ച് വരുത്തി ഈ തഫ്സീറുകളെകുറിച്ചുള്ള അവരുടെ അഭിപ്രായം ആരാഞ്ഞു. അതിൽ ഒരു ശേഖ് പറഞ്ഞു: "ഫാർസി തഫ്സീറുകളിൽ ഇത് പോലുള്ള തഫ്സീറുകൾ ലഭ്യമല്ല." പ്രൊഫസർ. അബ്ദുൽ മന്നാൻ സാഹിബ് ചോദിച്ചു: "അറബി തഫ്സീറുകളെ സംബന്ധിച്ച് എന്താണ് അഭിപ്രായം?" ശേഖുമാർ മൗനം അവലംബിച്ചു. അല്പ സമയത്തിന് ശേഷം അവരിൽ ഒരാൾ പറഞ്ഞു: "പാട്നയിൽ എല്ലാ അറബി തഫ്സീറുകളും ലഭ്യമല്ല. മിസ്റിയിലേയും, സിറിയയിലേയും എല്ലാ തഫ്സീറുകളും വായിച്ചതിന് ശേഷം മാത്രമേ ശരിയായ ഒരു അഭിപ്രായം പറയാൻ സാധിക്കുകയുള്ളൂ." പ്രൊഫസർ സാഹിബ് പുരാതന അറബി തഫ്സീറുകളെ സംബന്ധിച്ച് വിവരിച്ച് കൊണ്ട് പറഞ്ഞു: "മിർസാ മഹ്മൂദിന്റെ തഫ്സീറുകളുടെ നിലവാരത്തിലുള്ള ഒരു തഫ്സീർ പോലും ഒരു ഭാഷയിലും ലഭ്യമല്ല. നിങ്ങൾ ന്യൂനതമായ തഫ്സീറുകൾ മിസറിൽ നിന്നും സിറിയയിൽ നിന്നും വരുത്തി നോക്കുക, പിന്നീട് കുറച്ച് മാസങ്ങൾക്ക് ശേഷം എന്നോട് സംസാരിക്കുക" അറബി പാർസി ഭാഷയിലെ പണ്ഡിതന്മാർ ഇത് കേട്ട് വായടച്ചിരുന്നു.

പിന്നീട് സയ്യദ് ജാഫർ ഹുസൈൻ സാഹിബ് അഡ്വക്കേറ്റ് ആദ്യം സംക്ഷിപ്തമായ കത്തും പിന്നീട് വിശദീകരിച്ചുകൊണ്ടുള്ള ഒരു ലേഖനവും സിദ്ഖെ ജദീദ് പത്രത്തിന് അയച്ചു കൊടുത്തു അതിൽ അദ്ദേഹം സിദ്ഖെ ജദീദിന്റെ എഡിറ്ററിന് അഭിസംബോധന ചെയ്ത് എഴുതി. ദാറുസ്സലാം നേടിയെടുക്കുന്നതിനുള്ള പരിശ്രമത്തിനിടയിൽ എന്നെ ജയിലിൽ അടച്ചപ്പോൾ മൂന്നാമത്തെ ദിവസം എന്നെ അറസ്റ്റ് ചെയ്യാനുള്ള കാരണങ്ങൾ ലിഖിത രൂപത്തിൽ എനിക്ക് നൽകപ്പെട്ടു. അതിൽ എന്റെ കഴിഞ്ഞ മൂന്ന് നാല് വർഷത്തെ പ്രഭാഷണങ്ങളുടെ ഉദ്ധരണികൾ ഉണ്ടായിരുന്നു. ഞാൻ ഇന്ത്യയുടെ ഭരണ കേന്ദ്രത്തെ തകിടം മറിച്ച് കൊണ്ട് ഇസ്ലാമിക ഭരണം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു എന്നതായിരുന്നു എനിക്കെതിരിൽ ആരോപിക്കപ്പെട്ടകുറ്റം. എനിക്ക് ആശ്ചര്യം തോന്നി, എന്നെപ്പോലെ എളിയ ഒരു വ്യക്തിക്ക് മേൽ പർവത സമാനമായ ആക്ഷേപമെന്ന് എനിക്ക് തോന്നി. എന്നാൽ എന്റെ പ്രസംഗത്തിൽ ഏകദേശം ഇതേ വിഷയമാണ് അടങ്ങിയിരിക്കുന്നത് എന്ന് എനിക്ക് സാവധാനം മനസ്സിലായി. ഞാൻ താങ്കളോട് അപേക്ഷിച്ചിരുന്നു. ഞാൻ വഴിതെറ്റിയ ഒരു യാത്രക്കാരനായിരുന്നു. ലക്ഷ്യം ഉന്നതമായിരുന്നെങ്കിലും വഴി അറിയില്ലാത്തവനായിരുന്നു. മുസ്ലീംകളുടെ അഞ്ചുമൻ ഇത്തിഹാദുൽ മുസ്ലിമിന്റെയോ, മറ്റ് ഏത് ജമാഅത്തുകളുടേയും അവസ്ഥ ഇത് തന്നെയാണ്. അതിന് ശേഷം രണ്ടാമത്തെ ദിവസം ഞാൻ എന്റെ ഒരു സുഹൃത്ത് ജയിലിൽ വച്ച് നൽകിയ തഫ്സീറെ കബീർ വായിക്കാൻ തുടങ്ങി. എനിക്ക് ഈ തഫ്സീർ ജീവിതത്തിൽ നിറഞ്ഞു നിൽക്കുന്ന ഇസ്ലാമിനെ കാണാൻ സാധിച്ചു. (ഇദ്ദേഹം അഹ്മദി ആയിരുന്നില്ല) ഞാൻ അന്വേഷിച്ച് കൊണ്ടിരുന്നതെല്ലാം അതിൽ ഉണ്ടായിരുന്നു. തഫ്സീർ കബീർ വായനയിലൂടെ ഞാൻ ആദ്യമായി ഖുർആനെ മനസ്സിലാക്കി.

അദ്ദേഹത്തിന് എഴുതുന്നു: എന്റെ ലക്ഷ്യങ്ങൾ ഉപേക്ഷിച്ച് കൊണ്ട് എല്ലാ ഉലമാക്കളും പ്രക്ഷുബ്ധമാക്കി വച്ചിരിക്കുന്ന അഹ്മദിയത്തിൽ പ്രവേശിക്കുന്നത് ഒരു നിസ്സാര കാര്യമല്ല. എന്നാൽ സത്യം വെളിപ്പെട്ടതിന് ശേഷം ഇവിടെ അപകടത്തെ കുറിച്ചുള്ള വേവലാതിയും ആർക്കുമില്ല. അങ്ങനെ അങ്ങനെ സുജൂദിൽ വീണുകൊണ്ട് ഞാൻ രാപകൽ ദുഃആ ചെയ്തു. അല്ലാഹുവേ എനിക്ക് നേരായ മാർഗം കാണിച്ച് തരേണമേ. ഈ അവസ്ഥയിൽ പല മാസങ്ങൾ കടന്നുപോയി. ഞാൻ സുജൂദ് ചെയ്യുന്ന സ്ഥലം കണ്ണീരുകൊണ്ട് നിറയുമായിരുന്നു എന്ന് ഞാൻ താങ്കളെ ബോധ്യപ്പെടുത്തുന്നു. എന്റെ ദുഃആകൾ സ്വീകരിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. എന്തുകൊണ്ടെന്നാൽ അഹ്മദിയ്യത്ത് സത്യമാണ് എന്ന വിശ്വാസത്തിൽ ഞാൻ ഉറച്ചു നിന്നു. അങ്ങനെ ഖാദിയാനിൽ ഹ: മിർസാ വസീം അഹ്മദ് സാഹിബിന്റെ സവിധത്തിൽ കത്ത് മുഖേന ഞാൻ ബൈഅത്ത് ചെയ്യാൻ ആഗ്രഹിക്കുന്നു എന്ന് അപേക്ഷിച്ചു. എന്റെ തടവിന്റെ വലിയ പങ്കും സിക്കന്ദ റാബാദ് ജയിലിൽ കഴിഞ്ഞു. അവിടത്തെ ജയിലർ ഒരു മുസ്ലിമും അറിവുള്ള വ്യക്തിയും ആയിരുന്നു. തടവുകാരുടെ എഴുത്തുകുത്തുകളെ കുറിച്ച് അവർക്ക് അറിവ് ലഭിക്കുമായിരുന്നു. എന്തെന്നാൽ അവരുടെ ഒപ്പോട് കൂടിമാത്രമേ തടവുകാരുടെ കത്തുകൾ അയക്കാൻ ഏൽപ്പിക്കുമായിരുന്നു. ഒരു നല്ലകാര്യം അല്ലെന്ന് അറിഞ്ഞിട്ടു കൂടി, ധൈര്യമില്ലാത്തതുകാരണം ഞാൻ ഖാദിയാനിലേക്ക് അയക്കുന്ന കത്തുകളെ സംബന്ധിച്ച് മേലധികാരികൾ അറിയരുതെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. ഇന്ത്യയിലെ മജ്ലിസ് ഇത്തിഹാദുൽ മുസ്ലിമിൻ ഹൈദറാബാദ് വളരെ ഹൃദയ ദാരിയായ ഒരു ജമാഅത്തായിരുന്നു. അക്കാരണത്താൽ ജയിൽ ജീവനക്കാരിൽ ഭൂരിപക്ഷവും ഏത് വരെയെന്നാൽ ജയിലിലെ എല്ലാ തടവുകാരും എന്നെ വളരെയധികം സ്നേഹിക്കുകയും ആദരവോടെ പെരുമാറുകയും ചെയ്തിരുന്നു. കാവൽക്കാർ കൂടാതെ മറ്റാർക്കും എന്നെ കാണാൻ സാധ്യമല്ലായിരുന്നു. ആ കാരണത്താൽ മേലധികാരികൾ അറിയാതെ തന്നെ എന്റെ കത്തുകൾ ഖാദിയാനിലേക്ക് പോസ്റ്റ് ചെയ്യപ്പെടുമായിരുന്നു.

എന്നാൽ ഖാദിയാനിൽ നിന്നും വരുന്ന കത്തുകൾ, അത് ഏത് അവസ്ഥയിലും ജയിലറുടെ അറിവിൽ വരേണ്ടത് അനിവാര്യമായിരുന്നു. ഖാദിയാനിൽ നിന്നും ബൈഅത്ത് ഫോറം വന്നപ്പോൾ ജയിലിൽ വലിയ ഒച്ചപ്പാടുണ്ടായി, രഹസ്യം പരസ്യമായി. അവസാനം ജയിലർ എന്റെ അടുത്തു വന്നു. എന്റെ കത്തും ബൈഅത്തു ഫോറത്തിനോടൊപ്പം അദ്ദേഹത്തിന്റെ കൈവശം ഉണ്ടായിരുന്നു. എന്നോട് വളരെ സ്നേഹത്തോടെ സംസാരിച്ചു. താങ്കൾ എന്താണ് ചെയ്യുന്നത്. ഖുർആന്റെ ഈ തഫ്സീറുകളെ വിടുക, ഞാൻ താങ്കൾക്ക് മൗലാനാ അബ്ദുൽ കലാം ആസാദിന്റെയും,

മൗലാനാ മൗദൂദിയുടേയും തഫ്സീറെ ഖുർആൻ നൽകുന്നതാണ്. അങ്ങനെ താങ്കളുടെ ചിന്താഗതികൾ നേരേ ആകുന്നതാണ്. അങ്ങനെ അദ്ദേഹം ഈ രണ്ട് തഫ്സീറുകളും എനിക്ക് നൽകി. യഥാർഥത്തിൽ അവ പരിഭാഷയായിരുന്നു ചിലയിടങ്ങളിൽ മാത്രമേ തഫ്സീറുകൾ ഉണ്ടായിരുന്നുള്ളൂ. ബൈഅത്ത് ഫോറം പൂരിപ്പിച്ച് അയക്കുന്നതിന് മുമ്പ് ഞാൻ ഈ രണ്ട് തഫ്സീറുകളും വായിച്ചു. തഫ്സീറെ കബീറിന്റെ വിദ്യാർഥി ആയത് കൊണ്ട് മറ്റ് തഫ്സീറുകളുടെ തെറ്റ് മനസ്സിലാകുന്നതിനുള്ള ആർജ്ജവം എനിക്ക് ഉണ്ടായിരുന്നു. അങ്ങനെ ഞാൻ ജയിലർ സാഹിബിനെ വിളിപ്പിച്ചു. ഈ രണ്ട് തഫ്സീറുകളിലും ഏതെല്ലാം സ്ഥലത്താണ് അപൂർണത യുള്ളതെന്നും, എവിടെയെല്ലാം അർഥത്തിൽ തെറ്റ് ഉണ്ടെന്നും, എവിടെയെല്ലാം വിശദീകരണത്തിൽ കുറവുകൾ ഉണ്ടെന്നും കാണിച്ചു. തഫ്സീറെ കബീറിൽ ഖുർആൻ വ്യാകരണവും ഉള്ള കാരണത്താലാണ് എനിക്ക് അതിന് സാധിച്ചത്. **(ലായമുസ്സുഹു ഇല്ലൽ മുത്വതഹറൂൻ)** പരിശുദ്ധരായ ആളുകൾ മാത്രമേ ഖുർആന്റെ അർഥങ്ങൾ മനസ്സിലാക്കുകയുള്ളൂ. ഈ വിശദീകരണം ഞാൻ എഴുതാൻ കാരണം. ഞാൻ ബൈഅത്ത് ചെയ്യുന്നതിൽ ധൃതി കാണിച്ചു എന്ന് എന്റെ മേൽ ആക്ഷേപം വരാതിരിക്കാനാണ്. ഞാൻ മറ്റുള്ളവരുടെ തഫ്സീറുകളും വായിച്ചു. പിന്നീട് തഫ്സീറെ കബീർ വായിച്ചു. രണ്ടും തുലനം ചെയ്തു നോക്കിയപ്പോൾ എനിക്ക് ഇത് ശരിയാണെന്ന് മനസ്സിലായി.

ബൈഅത്ത് ഫോറം അയച്ചതിന് ശേഷം ഞാൻ ദുഃആയിൽ മുഴുകി. എന്റെ ബൈഅത്ത് സ്വീകരിക്കുമോ ഇല്ലയോ എന്ന് എനിക്ക് അറിയില്ലായിരുന്നു. എന്തായാലും എന്റെ ഊഹം തെറ്റിയില്ല. എന്റെ ബൈഅത്ത് സ്വീകരിക്കുന്നതിന് മുമ്പ് തന്നെ ഹുസൂർ ഖലീഫ സാഹിബ് പറഞ്ഞു: ''ഒരു അഹ്മദി മുസ്‌ലിമിന്റെ കടമ ആ സമയത്തെ ഭരണ കൂടത്തോടും ആത്മാർഥത ഉള്ളവൻ ആയിരിക്കുക എന്നതാണ്. നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്ന്കൊണ്ട് ജോലി ചെയ്യേണ്ടതാണ്. ഞാൻ മറുപടി എഴുതി. ഹുസൂറിന്റെ തഫ്സീറിൽ നിന്ന് ഈ മഴുവൻ വിവരങ്ങളും എന്റെ ഹൃദയത്തിൽ ആഴത്തിൽ പതിച്ചിട്ടുണ്ട്. കുറച്ച് ദിവസത്തിന് ശേഷം ഖാദിയാനിൽ നിന്നും എന്റെ ബൈഅത്ത് സ്വീകരിച്ചു എന്ന അറിയിപ്പ് എനിക്ക് ലഭിച്ചു. അപ്പോൾ തന്നെ ഞാൻ സുജൂദിൽ വീണു.

തഫ്സീറെ കബീറിൽ ഒരു സ്ഥലത്ത് ഞാൻ വായിച്ചിരുന്നു, ഖലീഫ മുസ്‌ലിഹ് മൗഊദ് തടവുകാർക്ക് സ്വാതന്ത്ര്യത്തിനുള്ള വഴി തുറക്കുമെന്ന്. (അദ്ദേഹം അപ്പോൾ ജയിലിൽ തന്നെയായിരുന്നു.) ഞാൻ ഹുസൂറിനോട് അപേക്ഷിച്ചു. എന്റെ വിടുതലിനു വേണ്ടി ദുഃആ ചെയ്താലും. ഹുസൂർ ഖലീഫ സാഹിബ് അല്ലാഹു താങ്കൾക്ക് വിടുതലിനുള്ള സാമഗ്രിമികൾ ഉണ്ടാക്കട്ടെ എന്ന് ദുഃആ ചെയ്തു. അതിന് ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാൻ സ്വാതന്ത്രനായി. അങ്ങനെ വാഗ്ദത്ത ഖലീഫയേ കുറിച്ചുള്ള അദ്ദേഹം തടവുകാർക്ക് വിടുതലിനുള്ള കാരണമാകും എന്ന പ്രവചനത്തിന് ഞാൻ ജീവിച്ചിരിക്കുന്ന തെളിവാണ്.

അത് പോലെ യൂറോപ്യൻ തത്വചിന്തകർ ഉണ്ട്. യൂറോപ്പിലേയും അമേരിക്കയിലേയും ധാരാളം ചിന്തകന്മാരുടെ ഉദാഹരണങ്ങൾ ഉണ്ട്. ഒരു ഉദാഹരണം സമർപ്പിക്കുകയാണ്. എ.ജി. ഹാർബറി ബ്രിട്ടനിലെ ചരിത്രകാരനാണ്. അറബി, ഫാർസി, ഇസ്‌ലാമീ എന്നിവയിൽ പാണ്ഡിത്യമുള്ള ആളാണ്. പറയുന്നു: ''വിശുദ്ധ ഖുർആന്റെ ഈ പുതിയ തർജുമയും തഫ്സീറും വളരെ ഉന്നതമായ ഒരു പ്രവർത്തനമാണ്. (ഇദ്ദേഹം ഫൈവ് വാള്യം തഫ്സീറിനെ കുറിച്ചാണ് പറയുന്നത്.) ഈ വാള്യം ഈ പ്രവർത്തനത്തിന്റെ ഒന്നാമത്തെ പടവാണ്. 15 വർഷം മുമ്പാണ് അഹ്മദിയ്യാ ജമാഅത്തിന്റെ പണ്ഡിതന്മാർ ഈ ജോലി ആരംഭിച്ചത്. ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ﷺ ന്റെ മേൽനോട്ടത്തിലും പ്രോത്സാഹനത്തിലും ഈ ജോലി തുടർന്ന് കൊണ്ടിരുന്നു. ഈ ജോലി വളരെ മഹത്വമർഹിക്കുന്ന ഒന്നായിരുന്നു. അതായത് വിശുദ്ധ ഖുർആൻ വചനങ്ങൾക്ക് ഒപ്പം അതിന്റെ ഏറ്റവും അനുയോജ്യമായ ഇംഗ്ലീഷ് അർഥം നൽകുന്നതിനോടൊപ്പം തന്നെ ഓരോ ആയത്തുകളുടെ തഫ്സീറുകളും ഉൾകൊള്ളുന്ന എഡിഷൻ പ്രസിദ്ധികരിക്കുക. എന്നാൽ ഇപ്പോൾ മുമ്പിലുള്ള ഒന്നാമത്തെ വാള്യം വിശുദ്ധ ഖുർആന്റെ ആദ്യത്തെ ഒമ്പത് സൂറത്തുകൾ അടങ്ങിയതാണ്. ഇതിന്റെ ആരംഭത്തിൽ സ്വയം ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ﷺ രചിച്ചിട്ടുള്ള സുദീർഘമായ ആമുഖത്തിൽ എഴുതുന്നു. ഈ തഫ്സീറിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ എല്ലാം തന്നെ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ തന്റെ ഗ്രന്ഥങ്ങളിലും പ്രഭാഷണങ്ങളിലും വെളിപ്പെടുത്തിയിട്ടുള്ള വൈജ്ഞാനിക തത്വങ്ങളും, അദ്ദേഹത്തിന്റെ ഒന്നാമത്തെ ഖലീഫയും, രണ്ടാം ഖലീഫ സ്വയം നൽകിയിട്ടുള്ള വിശദീകരണമാണ്. ആയതിനാൽ ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ ഖുർആനിക ജ്ഞാനങ്ങളുടെ ശരിയായ വിശദീകരണമാണ് എന്ന് നമുക്ക് പറയാൻ സാധിക്കുന്നതാണ്.

ഇത് മാത്രമല്ല. ധാരാളമുണ്ട് അറബികളിൽ നിന്നും ഉണ്ട്. സിറിയയിലെ ഡോ: അനസ് സാഹിബ് പറയുന്നു: ''സത്യത്തിന്റെയും പ്രകാശത്തിന്റെയും അന്വേഷണത്തിൽ വ്യത്യസ്ത പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളും തഫ്സീറുകളും വായിച്ചു. അതിൽ സുൽത്താനുൽ ആരിഫീൻ മുഹയുദ്ദീൻ ബ്നു അറബി, മുഹമ്മദ് ബിൻ അലി അൻഹാക്കിമി അത്തായി എന്നിവരുടെ തഫ്സീറുകളും ഉൾപ്പെടും. എന്നാൽ ഒരു തഫ്സീറിലും തന്നെ, ഹദ്റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ തഫ്സീറിലുള്ള സവിശേഷതകളും മനോഹാരിതയും, ആനന്ദവും ലഭ്യമായില്ല. ഞാൻ എന്റെ ശരീരവും ആത്മാവും മുഖേന പ്രാപ്യമാകുന്ന ദർശനങ്ങളുടെയും അന്വേഷകൻ ആയിരുന്നു. പിന്നീട് ജമാഅത്തീ വെബ് സൈറ്റിലുള്ള തഫ്സീറെ കബീർ വായിച്ചപ്പോൾ അഹ്മദികൾ പ്രകാശവും, സത്യവും ഉള്ളവരാണെന്ന് മനസ്സിലായി. അത് എന്റെ ഹൃദയത്തെ ആകർഷിച്ചു.

സുദീർഘമായ കത്തിടപാടുകൾ ഹദ്റത് ഖലീഫത്തിൽ മസീഹ് റാബിഅ് ﷺ യോടൊപ്പം നടന്ന് കൊണ്ടിരുന്ന മറാക്കിഷിലെ ജമാൽ സാഹിബ് എഴുതുന്നു. ഈ കാലഘട്ടത്തിൽ എനിക്ക് മർകസിൽ നിന്നും തഫ്സീറെ കബീർ വാള്യം ഒന്നിന്റെ പരിഭാഷ ഉപഹാരമായി നൽകപ്പെട്ടു. ഞാൻ ഈ തഫ്സീർ വായിച്ച് മറ്റു തഫ്സീറുകളുമായി തുലനം ചെയ്ത് നോക്കിയപ്പോൾ, അതിൽ ആകാശവും ഭൂമിയും തമ്മിലുള്ള വ്യത്യാസമുണ്ടെന്ന് അറിഞ്ഞു.

ഇവിടെ ദൈവജ്ഞാനത്തി ന്റെയും, തത്വസംഹിതകളുടെ വിഷയങ്ങളും, ശരീഅത്തിന്റെ കഴമ്പിന്റെ ചുരുക്കവും ആണെങ്കിൽ മറ്റു തഫ്സീറുകൾ വെറും തൊലിയിൽ മാത്രം തൃപ്തിയടഞ്ഞതായിരുന്നു. ഈ തഫ്സീറിന്റെ വായന എന്റെ ഹൃദയത്തിൽ ആത്മാവിന്റെ അന്തരാളങ്ങളിലേക്ക് ആഴ്ന്ന് ഇറങ്ങുന്ന ഇസ്‌ലാമിന്റെ മനോഹരമായ ദൃശ്യം കാഴ്ചവെച്ചു. പിന്നീട് ഹദ്റത് മുസ്‌ലിഹ് മൗഊദ് ﷺ ന്റെ പ്രഭാഷണങ്ങൾ മറ്റുള്ളവരിൽ ചെലുത്തിയ സ്വാധീനം അദ്ദേഹത്തിന്റെ വൈജ്ഞാനിക പാണ്ഡിത്വ ത്തെ അംഗീകരിപ്പിക്കുന്നു. അതിന്റെ ഏതാനും ചില ഉദാഹരണങ്ങൾ സമർപ്പിക്കുന്നു.

സയ്യിദ്നാ ഹദ്റത് മുസ്‌ലിഹ് മൗഊദ് ﷺ പഞ്ചാബ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ടവരായിരുന്ന പഞ്ചാബി ലിറ്ററി ലീഗിന്റെ നിർദ്ദേശപ്രകാരം ലാഹോറിൽ രണ്ട് പ്രഭാഷണങ്ങൾ നടത്താമെന്ന് അംഗീകരിച്ചതനുസരിച്ച് ഹുസൂറിന്റെ ആദ്യ പ്രഭാഷണം ലോകഭാഷകളിൽ അറബി ഭാഷയുടെ സ്ഥാനം എന്ന വിശയത്തെ ആസ്പദമാക്കിയാ യിരുന്നു. 31 മെയ് 1934 ൽ വൈ.എം.സി.എ ഹാൾ മാൾ റോഡ് ലാഹോറിൽ ആരംഭിച്ചു. അധ്യക്ഷൻ ഡോ: ബർക്കത്ത് അലി സാഹിബ് ഖുറൈശി എം.എ. പി.എച്ച്.ഡി. പ്രിൻസിപ്പാൾ ഇസ്‌ലാമിക കോളേജ് ആയിരുന്നു. ഹുസൂറിന്റെ പ്രഭാഷണം ഒന്നരമണിക്കൂർ ആയിരുന്നു. ശ്രോതാക്കൾ അത് അബോധാവസ്ഥയിൽ എന്ന പോലെ ശ്രവിച്ചു. അവസാനം അധ്യക്ഷൻ നന്ദി രേഖപ്പെടുത്തി യതിനു ശേഷം ശ്രോതാക്കളോട് പ്രഭാഷണത്തിൽ നിന്ന് പ്രയോജനമെടുക്കാൻ ആവശ്യപ്പെട്ടു. മാത്രമല്ല ഈ രീതിയിലുള്ള വൈജ്ഞാനിക പ്രഭാഷണങ്ങൾ വീണ്ടും വീണ്ടും കേൾക്കാൻ കൊതിക്കുന്നു എന്ന് ആഗ്രഹം ഉണർത്തി. ശ്രോതാക്കളിൽ എല്ലാ വൈജ്ഞാനിക മേഖലകളിലും ഉള്ള വ്യക്തികൾ ഉണ്ടായിരുന്നു. ലാല ഭിംസിംഗ് സാഹിബിന്റെ മകൻ ലാലാ കൻവർ സിംഗ് സാഹിബ് മുൻ ചീഫ് ജസ്റ്റിസ് കശ്മീർ അവിടെയുണ്ടാ യിരുന്നു. അദ്ദേഹം ഖലീഫത്തുൽ മസീഹ് സാനിയുടേയും അധ്യക്ഷന്റെയും പ്രസംഗത്തിന് ശേഷം തന്റെ നന്ദി പ്രകടനം എന്ന നിലയ്ക്ക് ഒരു വൈകാരികമായ ഇംഗ്ലീഷ് പ്രസംഗത്തിൽ പറയുന്നു, "ഇന്ന് മാന്യ പ്രഭാഷകൻ അറബി ഭാഷയുടെ മഹാത്മ്യത്തെ കുറിച്ച് ഹൃദയഹാരിയും വൈജ്ഞാനികവുമായ പ്രഭാഷണം നിർവ്വഹിച്ചത് കേട്ടു. എനിക്ക് ഒരുപാട് സന്തോഷം തോന്നി. ഞാൻ പ്രഭാഷണം കേൾക്കാൻ വന്നപ്പോൾ കരുതിയത് പഴയ കാലത്തെ ആളുകൾ അവതരിപ്പിക്കുന്ന പതിവു ശൈലിയിൽ വിഷയം അവതരിപ്പിക്കും എന്നാണ്. പ്രസിദ്ധമായ സംഭവമാണ്. അറേബിയയിൽ നിന്ന് വന്ന ഒരു പ്രശസ്ത അറബിയോട് ഒരിക്കൽ അറബി ഭാഷയുടെ മഹാത്മ്യത്തെ കുറിച്ച് ചോദിച്ചു. അയാൾ പറഞ്ഞു, "മൂന്ന് കാരണങ്ങൾക്കൊണ്ട് അറബി ഭാഷയ്ക്ക് ശ്രേഷ്ഠത ലഭിച്ചിരിക്കുന്നു. ഒന്നാമത്തെ കാരാണം ഞാൻ അറേബ്യയിൽ ഉള്ള ആളാണ്, രണ്ടാമത്തെ കാരണം വിശുദ്ധ ഖുർആന്റെ ഭാഷ ഇതാണ്. മൂന്നാമത്തേത് സ്വർഗത്തിൽ അറബി സംസാരിക്കപ്പെടും" ഞാൻ കരുതി ഈ രീതിയിലുള്ള കാര്യങ്ങൾ അറബി ഭാഷയുടെ മാഹാ ത്മ്യത്തെ സംബന്ധിച്ച് പറയും എന്ന്. എന്നാൽ പ്രഭാഷണം വളരെ പാണ്ഡിത്യമുള്ളതും തത്വജ്ഞാനപരവുമായിരുന്നു. ഞാൻ ഇദ്ദേഹത്തിന്റെ പ്രഭാഷണത്തിന്റെ ഓരോ വാക്കുകളും പൂർണ ശ്രദ്ധയോടെ ശ്രവിച്ചു എന്നും അതിൽ നിന്നും ഒരുപാട് പ്രയോജനം എടുത്തു എന്നും ഈ പ്രഭാഷണത്തിന്റെ സ്വാധീനം ദീർഘകാലം എന്നിൽ ഉണ്ടാകും എന്നും ഞാൻ അദ്ദേഹത്തിന് ഉറപ്പ് നൽകുന്നു.

ചരിത്ര ഡിപാർട്മെന്റിന്റെ ഹെഡ് ആയിരുന്ന, ഇസ്‌ലാമിക് കോളേജ് ലാഹോറിന്റെ വൈസ് പ്രിൻസിപ്പാൾ സഊദ് അബ്ദുൽ ഖാദിർ സാഹിബ് എം.എ. ഇസ്‌ലാമും കമ്യൂണി സവും എന്ന വിഷയത്തെ ആസ്പദമാക്കി സൺറൈയ്സ് പത്രത്തിൽ ഒരു നോട്ട് നൽകിയിരുന്നു. അതിന്റെ ഒരു ഭാഗത്തിൽ പറയുന്നു: "ഇസ്‌ലാമിന്റെ സമ്പദ്‌വ്യവസ്ഥയും കമ്യൂണിസവും എന്ന വിഷയത്തിൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് ഇമാം ജമാഅത്തെ അഹ്മദിയ്യായുടെ പ്രഭാഷണം കേൾക്കാനുള്ള സൗഭാഗ്യം എനിക്കും ലഭിച്ചു. ഈ പ്രഭാഷണവും അദ്ദേഹത്തിന്റെ ഞാൻ കേട്ടിട്ടുള്ള മറ്റ് പ്രഭാഷണങ്ങളെപ്പോലെ പണ്ഡിതോചിത ചിന്തകളെ ഉദ്ധീഭവിപ്പിക്കുന്നതും, അറിവുകളാൽ അലം കൃതമായതും ആയിരുന്നു. മിർസാ സാഹിബ് ദൈവീക വരദാനത്തിന്റെ ഉടമയാണ്. ഈ വിഷയത്തിന്റെ ഓരോ ഭാഗത്തെ കുറിച്ചും അദ്ദേഹത്തിന് പരിപൂർണമായ ജ്ഞാനമുണ്ട്. ആകയാൽ അദ്ദേഹത്തിന്റെ ചിന്തകളെ ആദരപുരസരം മനസ്സിലാക്കി കേട്ടുകൊണ്ട് അതിലേക്ക് ശ്രദ്ധിക്കേണ്ടത് അനിവാര്യമാണ്. പുറംലോകത്തും ഈ ഗ്രന്ഥത്തിന്റെ വിതരണം അനിവാര്യമാണ്. കാരണം പൊതുവിൽ ആളുകൾ മനസ്സിലാക്കിയിരുന്നത്, ഇസ്ലാമിക സമ്പദ്‌വ്യവസിഥിതിയെ സംബന്ധിച്ചുള്ള കാഴ്ചപ്പാട് മൗദൂദി സാഹിബാണ് സമർപ്പിച്ചത് എന്നാണ്. എന്നാൽ ഇതിനേ ക്കാളും ഒരുപാട് മുൻപ് തന്നെ ഹദ്റത് മുസ്‌ലിഹ് മൗഊദ് ഈ പണ്ഡിതോചിതമായ പ്രഭാഷണം നിർവ്വഹിച്ചിരുന്നു. അത് ഗ്രന്ഥ രൂപത്തിലും ലഭ്യമാണ്. ഇപ്പോൾ അതിന്റെ ഇംഗ്ലീഷ് പരിഭാഷയും നിർവ്വഹിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ് അറിയാവുന്ന അഹ്മദികൾ അത് വായിച്ചിരിക്കേണ്ടതാണ്. സാമ്പത്തിക ശാസ്ത്രത്തിൽ താത്പര്യമുള്ള ആളുകൾക്ക് അത് നൽകുകയും ചെയ്യേണ്ടതാണ്.

അത്പോലെ ലാലാരാം ചന്ദ് മച്ചിന്ദാ സാഹിബ് അധ്യക്ഷ പ്രസംഗത്തിൽ പറയുന്നു: "മഹനീയമായ പ്രഭാഷണം കേൾക്കാൻ സാധിച്ചതിൽ ഞാൻ ഭാഗ്യവാനായി കരുതുന്നു. അഹ്മദിയാ പ്രസ്ഥാനം പുരോഗതി പ്രാപിക്കുന്നു എന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്, വ്യക്തമായി ഇത് വളർന്ന് കൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇപ്പോൾ കേട്ട പ്രഭാഷണത്തിൽ വലരെ അമൂല്യമായതും നവംനവങ്ങളുമായ കാര്യങ്ങൾ ഹുസൂർ പറഞ്ഞു. എനിക്ക് ഈ പ്രഭാഷണത്തിൽ നിന്ന് ഒരുപാട് പ്രയോജനം ലഭിച്ചു. ഇസ്‌ലാം അതിന്റെ നിയമ സംഹിതയിൽ മുസ്‌ലിംകളുടെ അവകാശം മാത്രം സംരക്ഷിക്കുന്നു എന്നും അമുസ്‌ലിം കളുടെ അവകാശങ്ങൾ ശ്രദ്ധിക്കുന്നില്ല എന്നും എനിക്ക് തെറ്റിധാരണയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഹദ്റത് ഇമാം ജമാഅത്തിന്റെ പ്രഭാഷണത്തിൽ നിന്ന് മനസ്സിലായത് ഇസ്‌ലാം എല്ലാ മതങ്ങൾക്കിടയിലും സമഭാവനയുടെ അധ്യാപനമാണ് നൽകുന്നതെന്ന് എന്നാണ്. എനിക്ക് അത് കേട്ട് സന്തോഷമായി. ഇതാണ് ഇസ്‌ലാമിന്റെ അധ്യാപന മെങ്കിൽ ഇതിനെ ബഹുമാനിക്കുന്നതിൽ നിങ്ങൾക്കെന്ത്

ബുദ്ധിമുട്ടാണ് എന്ന് ഞാൻ എന്റെ അമുസ്ലിം സുഹൃത്തുക്കളോട് ചോദിക്കുന്നതാണ്. ഹദ്റത് ഇമാം ജമാഅത്തിന് തന്റെ വൈജ്ഞാനികമായ പ്രഭാഷണം മുഖേന ഞങ്ങൾക്ക് പകർന്ന് തന്ന അറിവിന് ഞാൻ അദ്ദേഹത്തിന് വീണ്ടും വീണ്ടും ലക്ഷോപലക്ഷം നന്ദി അറിയിക്കുന്നു.''

ഇത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു ഭാഗത്തിന്റെ, അദ്ദേഹം ആന്തരികവും ബാഹ്യവുമായ ജ്ഞാനങ്ങളാൽ നിറയ്ക്കപ്പെടും എന്നതിന്റെ ചെറിയ ഉദാഹരണം മാത്രമാണ്. അല്ലാഹു തആലാ ഹ: മുസ്ലിഹ് മൗഊദ് رضی اللہ عنہ നമുക്ക് നൽകിയിരിക്കുന്ന അറിവിന്റെ ഖജനാവിൽ നിന്നും വായിച്ച് മനസ്സിലാക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. ഞാൻ പറഞ്ഞ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലെ സൂചികകളിൽ വിത്യസ്ത വിഷയങ്ങളിൽ നിന്നും പ്രയോജനമെടുക്കുന്നതിനും അല്ലാഹു നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. അതിലൂടെ നമ്മുടെ ജ്ഞാനവും വർദ്ധിക്കട്ടെ. ആമീൻ

ഞാനിപ്പോൾ നമസ്കാരത്തിന് ശേഷം ഒരു ജനാസയും നമസ്കരിപ്പിക്കുന്നതാണ്. അത് ഹ: മുസ്ലിഹ് മൗഊദ് رضی اللہ عنہ ന്റെ ഒരു മകന്റേതാണ്. ഇത് ബിഹാർ നിവാസി ഹ: സാറാ ബേഗം സാഹിബയിൽ ജനിച്ച മകനാണ്. ഇദ്ദേഹത്തിന്റെ പേര് സാഹിബ് സാദാ ഹ: മിർസാ ഹനീഫ് അഹ്മദ് സാഹിബ് എന്നാണ്. ഫിബ്രവരി 17 ന് 9.30 മണിക്ക് താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് റബ്വയിൽ 82ാം വയസ്സിൽ വഫാത്തായി إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ

അദ്ദേഹം എന്റെ അമ്മാവനും ആയിരുന്നു. മാർച്ച് 24, 1932 ൽ അദ്ദേഹം ഭൂജാതനായി. ഹ: മുസ്ലിഹ് മൗഊദ് തന്റെ എല്ലാ സന്താനങ്ങളേയും പോലെ ഇദ്ദേഹത്തേയും ചെറുപ്പത്തിൽ തന്നെ വഖ്ഫ് ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസവും, പരിപാലനവും നിർണ്ണയിക്കപ്പെട്ടത്. അദ്ദേഹം മദ്രസാ അഹ്മദിയ്യായിലും, ജാമിഅത്തുൽ മുബശ്ശിരീൻ ഖാദിയാനിലും ദീനി വിദ്യാഭ്യാസം കരസ്ഥമാക്കി മെട്രിക് പ്രൈവറ്റായി എഴുതിയെടുത്തു.

1958ൽ ബി.എ. പരീക്ഷ പാസായി. ലാഹോർ ലോകോളേജിൽ നിന്നും 1962 ൽ ഇന്റർശിപ് പ്രൈവറ്റായി ചെയ്തു. ഇതിന്റെ പ്രാക്റ്റീസ് ചെയ്യേണ്ട എന്ന് തീരുമാനിച്ചു. 1962 ൽ അദ്ദേഹം ദീനി സേവനങ്ങൾക്കായി വിദേശ രാജ്യത്തേക്ക് തിരിച്ചു. 1962 മുതൽ 1969 വരെ സിറിലിയോണിൽ സെക്കന്ററി സ്കൂളിൽ പ്രിൻസിപ്പാളായി സേവനം അനുഷ്ഠിച്ചു. വൈജ്ഞാനികമായി ധാരാളം കഴിവുള്ള വ്യക്തിയായിരുന്നു. 20 വർഷത്തെ കഠിനാധ്വാനത്തിനും, ഗവേഷണങ്ങൾക്കു ശേഷം വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ഹദ്റത് മസീഹ് മൗഊദ് عليه السلام ന്റെ തഫ്സീറുകളേയും ലിഖിതങ്ങളുടേയും ആഴമേറിയ സമുദ്രത്തിൽ നിന്ന് വിലയേറിയ മുത്തുകളും, ഉർദു, ഫാർസി കവിതകളും തിരഞ്ഞെടുത്ത ഇൽഹാമുകളും എടുത്ത് ഹ: മസീഹ് മൗഊദ് عليه السلام ന്റെ "തഅ്ലീം ഫഹമെ ഖുർആൻ" എന്ന പേരിൽ നല്ലതും ബൃഹത്തായതുമായ ഒരു ഗ്രന്ഥം എഴുതി. ഇത് 2004 ൽ പ്രസിദ്ധീകരിച്ചു. അത്പോലെ തന്നെ ഹ: മസീഹ് മൗഊദ് عليه السلام ന്റെ അറബി, ഫാർസി, ഉർദു കവിതകളെ സമാഹരിച്ച് "അദബുൽ മസീഹ്" എന്ന പേരിൽ പ്രസിദ്ധീകരിച്ചതും നല്ലൊരു പരിശ്രമ ഫലമായിട്ടാണ്. ഇദ്ദേഹത്തിന്റെ വിവാഹം 1959 ൽ ബഹുമാന്യ സയ്യദ് സൈനുൽ ആബിദീൻ വലിയുള്ളാഹ് ശാഹ് സാഹിബിന്റെ മകൾ താഹിറ ബേഗം സാഹിബയുമായി നടന്നു. ഇവർക്ക് നാല് മക്കളാണ് ഉണ്ടായിരുന്നത്. ഒന്ന് അസീസം മിർസാ സൽമാൻ അഹ്മദ് സാഹിബ് ഇദ്ദേഹം അമേരിക്കയിലാണ്, ബാക്കി മൂന്നും പെൺമക്കളാണ്, അമത്തുൽ മുഅ്മിൻ ഹിനാ സാഹിബ അവർ റബ്വയിൽ ഡോക്ടറായ ഖാലിദ് തസലീം സാഹിബിന്റെ ഭാര്യയാണ്. മീനാ മുബാറക സാഹിബ മിർസാ ഹസൻ അഹ്മദ് സാഹിബിന്റെ ഭാര്യയാണ്. അമത്തു സമീഹ് സാഹിബ ഫാറൂഖ് അഹ്മദ് ഖാൻ സാഹിബിന്റെ ഭാര്യയാണ്. സിറിലിയോണിൽ അദ്ദേഹം ഉണ്ടായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു. രണ്ട് സ്കൂളുകളിൽ ഉണ്ടായിരുന്നതിൽ ഒന്നിൽ സയൻസ് ബ്ലോക് പണി കഴിപ്പിച്ചു. വളരെ കഠിനാധ്വാനത്തോടും ശ്രദ്ധയോടും കൂടി ദിവസം മുഴുവനും അവിടെ നിന്ന് കൊണ്ട് ഈ ബ്ലോക്കിന്റെ പണിയിൽ മുഴുകി നിന്നു, ഖമർ സുലൈമാൻ സാഹിബ് സിറിലിയോണിന്റെ സന്ദർശനത്തിനായി പോയിരുന്നു. അദ്ദേഹം പറയുന്നു: ''സിറിലിയോണിലെ ആളുകൾ ഇപ്പോഴും സാഹിബ് സാദാ സാഹിബിനെ ഒരുപാട് ഓർക്കുന്നുണ്ട്. യത്തീമുകളെ പരിപാലിക്കുന്നതിൽ വളരെ അധികം ശ്രദ്ധിച്ചിരുന്നു. രഹസ്യമായി അവരെ സഹായിക്കുമായിരുന്നു. തന്റെ സുഹൃത്തുക്കളെ വളരെയധികം പരിഗണിച്ചിരുന്നു. സൗഹൃദം നിലനിർത്തിയിരുന്നു. തന്റെ വളരെ അടുത്ത ഒരു ആത്മാർഥ സുഹൃത്തിന്റെ മരണത്തിന് ശേഷം, അദ്ദേഹത്തിന്റെ ചെറുപ്രായമുള്ള മക്കളെ വളരെയധികം ശ്രദ്ധിച്ചു. അവരുടെ വിവാഹം നടത്തിക്കൊടുത്തു. അങ്ങനെ സുഹൃദ് ബന്ധത്തിന്റെ കടമ അദ്ദേഹം നിറവേറ്റി. മുസ്ലിഹ് മൗഊദ് رضی اللہ عنہ സന്താനങ്ങളിൽ ഏറ്റവും കൂടുതൽ ഫാർസി പരിജ്ഞാനം ഇദ്ദേഹത്തിനായിരുന്നു. ഫാർസി വളരെ നന്നായിട്ട് അറിയാമായിരുന്നു. മസീഹ് മൗഊദ് عليه السلام ന്റെ ഗ്രന്ഥങ്ങളെ ആഴത്തിൽ വായിക്കുമായിരുന്നു. ആ കാരണം കൊണ്ടാണ് അദ്ദേഹം ഫഹ്മെ തഅ്ലീമുൽ ഖുർആൻ എന്ന ഗ്രന്ഥം എഴുതിയത്. ആഴത്തിലുള്ള വായനയില്ലെങ്കിൽ ഇത് എഴുതാൻ സാധിക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ പറയുന്നു: അദ്ദേഹം സ്വയം എന്നോട് പറഞ്ഞിട്ടുള്ളത് മസീഹ് മൗഊദ് عليه السلام ന്റെ ചില ഗ്രന്ഥങ്ങൾ, ഒരു പക്ഷേ മുഴുവൻ ഗ്രന്ഥങ്ങളും 20,25 തവണ വായിച്ചിട്ടുണ്ട്.

ഖാദിയാനോടും അത്യപൂർവ സ്നേഹമാണ് ഉണ്ടായിരുന്നത്. നാല് വർഷങ്ങളായി ഇദ്ദേഹത്തിന്റെ ആരോഗ്യം തീരെ മോശമായിരുന്നു. എങ്കിലും കഴിഞ്ഞ 2 വർഷവും ഖാദിയാൻ ജൽസയിൽ പങ്കെടുത്ത് കൊണ്ടിരുന്നു. ദുഃആയിലും ഉറച്ച വിശ്വാസമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൾ പറയുന്നു: ''അദ്ദേഹം ഏതോ ഒരു സഹാബിയുടെ കഥ പറയുന്നു, അദ്ദേഹം സ്വപ്നത്തിൽ തന്റെ സ്ഥാനങ്ങൾ ഉയർന്ന് കൊണ്ടിരിക്കുന്നതായി കണ്ടു. ഒപ്പം എനിക്ക് ആ രീതിയിലുള്ള അമലുകൾ ഇല്ലല്ലോ എന്ന് ചിന്തിക്കുകയും ചെയ്തു. അദ്ദേഹത്തോട് പറയപ്പെട്ടു. ''നിന്റെ സത്സന്താനങ്ങൾ കാരണത്താൽ അവർ എപ്പോഴും നിനക്കായ് ദുഃആ ചെയ്തു കൊണ്ടിരിക്കുന്ന കാരണത്താൽ ദിവസവും നിന്റെ സ്ഥാനങ്ങൾ ഉയർത്തപ്പെടുന്നു.'' അദ്ദേഹം തന്റെ സന്താനങ്ങളോട് ഇത് പറഞ്ഞ് തനിക്ക് വേണ്ടി ദു:ആ ചെയ്യാൻ ഉപദേശിക്കുമായിരുന്നു. *അല്ലാഹു ഇദ്ദേഹത്തിന്റെ സന്താനങ്ങളേയും നന്മയിൽ നിലനിർത്തുമാറാകട്ടെ.*

*മുസ്‌ലിഹ് മൗഊദ്* رضي الله عنه *തന്റെ സന്താനങ്ങൾക്ക് വേണ്ടിയും ജമാഅത്തിന് വേണ്ടിയും ചെയ്ത ദുഃആകൾക്ക് ഇദ്ദേഹത്തിന്റെ സന്താനങ്ങളും അവകാശികളാകട്ടെ.*

ഹ: മുസ്‌ലിഹ് മൗഊദ് رضي الله عنه തന്റെ സന്താനങ്ങളെ കുറിച്ച് ദുഃആ ചെയ്തിരുന്നത്, തന്റെ സന്താനങ്ങളും അവരുടെ സന്താന ങ്ങളും ഖിയാമത്ത്നാൾ വരെ അല്ലാഹുവിന്റെ അമാനത്തു കൾ ആയിരിക്കട്ടെ. എന്നും ശയ്ത്വാന് അതിൽ ഖയാനത്ത് ചെയ്യാൻ സാധിക്കരുത് എന്നും, ദീനിനെ ദുൻയാവിനേക്കാൾ മുൻതൂക്കം നൽകുന്നവരും ആക്കിത്തീർക്കട്ടെയെന്നുമായി രുന്നു.

*അല്ലാഹു സാഹിബ് സാദാ മിർസാ ഹനീഫ് സാഹി ബിന് മഗ്ഫിറത്ത് നൽകുമാറാകട്ടെ. കാരുണ്യത്തോടെ വർത്തിക്കുമാറാകട്ടെ, അദ്ദേഹത്തിന്റെ സ്ഥാനങ്ങൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ സന്താങ്ങളെയും അവർ തങ്ങളെ ബന്ധപ്പെടുത്തുന്ന ആ രക്തത്തിന്റെ കടമകൾ യഥാർഥത്തിൽ നിറവേറ്റുന്നവരാക്കിമാറ്റട്ടെ.*

ഞാനുമായും ഇദ്ദേഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു, മുമ്പും ഉണ്ടായിരുന്നു. ഖിലാഫത്തിന് ശേഷം ഈ സ്നേഹബന്ധം ഒരു പാട് വർദ്ധിച്ചു, എന്നാൽ അതിൽ വിനയത്തിന്റേയും എളിമയുടേയും ആത്മാർഥതയുടേയും അനന്തമായ പ്രകടനമായിരുന്നു. *അല്ലാഹു അദ്ദേഹത്തിന്റെ സ്ഥാനങ്ങളെ ഉയർത്തുമാറാകട്ടെ. ഇവരുടെ സന്താനങ്ങ ൾക്കും ഖിലാഫത്തുമായി സവിശേഷ ബന്ധം നിലനിർത്തു ന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.*

**PRINTED BOOKS**

**To**

**From,**
**AHMADIYYA JAMA-AT**
**" Baitul Quddoos "**
**G.H.Road, Calicut -1**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2014 February 21 at : Baitul Futuh Mosque, London.
Translation: T. Ameeruddin Sajid Muvattupuzha 08281236595

Typing: A.T. Nasarudheen Calicut
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, Calicut Zilla.**